പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1262** **30-06-2026-ൽ മറുപടിയ്ക്ക്**

**കോളേജ് അധ്യാപക നിയമനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. എം. വിൻസെന്റ്

ശ്രീമതി കെ. കെ. രമ

ശ്രീമതി വിദ്യാ ബാലകൃഷ്ണൻ

ശ്രീ. വി. ടി. സൂരജ്

**മറുപടി നൽകിയ മന്ത്രി**

ശ്രീ. റോജി എം. ജോൺ

(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** മുൻ സർക്കാരിന്റെ കാലത്ത് കോളേജ് അധ്യാപക നിയമനം തടസ്സപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

**മറുപടി:** 25.05.2020 ലെ G.O.(Ms) No.193/2020/HEDN അദ്ധ്യാപകരുടെ ജോലിഭാരം കണക്കാക്കുന്നതിൽ ബിരുദാനന്തര ( P G ) കോഴ്സുകൾക്ക് നൽകിയിരുന്ന വെയിറ്റേജ് റദ്ദാക്കി സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ അധ്യാപക തസ്തികകളിലെ ജോലിഭാരം കണക്കാക്കുകയും വിവിധ വിഷയങ്ങളിൽ 361 തസ്തികകൾ അധികമാണെന്ന് കണ്ടെത്തുകയും ചെയ്തു. പ്രസ്തുത അധിക തസ്തികകളിൽ 170 തസ്തികകൾ മറ്റ് കോളേജുകളിലേക്ക് പുനർവിന്യസിച്ചിട്ടുണ്ട്. നിലവിൽ വിവിധ വിഷയങ്ങളിൽ 191 അധികതസ്തികകൾ നിലനിൽക്കുന്നു. അധിക തസ്തികകൾക്ക് ഉപരിയായി ഉണ്ടാകുന്ന ഒഴിവുകൾ കേരള പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത ഒഴിവുകളിൽ പി എസ് സി യുടെ നിയമന ശിപാർശ പ്രകാരം നിയമനം നടത്തുന്നു.

**(ബി)** മുൻ സർക്കാരിന്റെ കാലത്തെ നടപടികളുടെ ഭാഗമായി അധ്യാപക തസ്തികകൾ ഇല്ലാതായത് സംബന്ധിച്ച വിഷയം പരിശോധിക്കുമോ; വിശദമാക്കുമോ;

**മറുപടി:** 25.05.2020 ലെ G.O.(Ms) No.193/2020/HEDN അദ്ധ്യാപകരുടെ ജോലിഭാരം കണക്കാക്കുന്നതിൽ ബിരുദാനന്തര ( P G ) കോഴ്സുകൾക്ക് നൽകിയിരുന്ന വെയിറ്റേജ് റദ്ദാക്കി സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ അധ്യാപക തസ്തികകളിലെ ജോലിഭാരം കണക്കാക്കുകയും വിവിധ വിഷയങ്ങളിൽ 361 തസ്തികകൾ അധികമാണെന്ന് കണ്ടെത്തുകയും ചെയ്തു. പ്രസ്തുത അധിക തസ്തികകളിൽ 170 തസ്തികകൾ മറ്റ് കോളേജുകളിലേക്ക് പുനർവിന്യസിച്ചിട്ടുണ്ട്. നിലവിൽ വിവിധ വിഷയങ്ങളിൽ 191 അധികതസ്തികകൾ നിലനിൽക്കുന്നു. അധിക തസ്തികകൾക്ക് ഉപരിയായി ഉണ്ടാകുന്ന ഒഴിവുകൾ കേരള പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത ഒഴിവുകളിൽ പി എസ് സി യുടെ നിയമന ശിപാർശ പ്രകാരം നിയമനം നടത്തുന്നു.

**(സി)** അധ്യാപക തസ്തികകളിൽ പി.എസ്.സി. റാങ്ക് പട്ടികയിൽ ഒന്നാം റാങ്ക് ലഭിച്ചവർക്ക് പോലും ജോലി ലഭ്യമാകാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇതിന് പരിഹാരം കാണുമോ എന്ന്

അറിയിക്കുമോ?

**<u>മറുപടി:</u>** അസിസ്റ്റന്റ് പ്രൊഫസ്സർ (ഉറുദു). അസിസ്റ്റന്റ് പ്രൊഫസ്സർ (സോഷ്യോളജി) വിഷയങ്ങളിൽ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. ഉറുദു വിഷയത്തിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള രണ്ട് ഒഴിവുകൾ എസ്.സി വിഭാഗത്തിനായി പി എസ് സി മാറ്റി വച്ചിരിക്കുകയാണ്. സോഷ്യോളജി വിഷയത്തിൽ നിയമനം നടത്തുന്നതിനായി നിലവിൽ ഒഴിവുകൾ ഒന്നും തന്നെ ഇല്ല.

**സെക്ഷൻ ഓഫീസർ**